**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 449** — **21-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ തൊഴിലാളി ദൗർലഭ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് ഉതകുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലായി തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 368 കാർഷിക കർമ്മ സേനകളാണ് രൂപീകരിച്ചിട്ടുള്ളത്. 18 വയസ്സ് മുതൽ 55 വയസ്സിനകം പ്രായമുള്ള കാർഷിക മേഖലയിലെ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായ 25 മുതൽ 35 വരെ അംഗങ്ങൾ/തൊഴിലാളികൾ അടങ്ങുന്നതാണ് കാർഷിക കർമ്മസേന. കർമ്മ സേനാംഗങ്ങൾക്കും, മാസ്റ്റർ ട്രെയിനർമാർക്കും വിവിധ കൃഷിപ്പണികൾ ചെയ്യുന്നതിനും, യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനും കർമ്മസേനകൾവഴി പരിശീലനവും യന്ത്രസാമഗ്രികളും നൽകി വരുന്നു. യന്ത്രസാമഗ്രികളുടെ സഹായത്തോടെ കൃഷിപ്പണികൾ കുറഞ്ഞ സമയത്തിനുള്ളിൽ കൃത്യമായി നടത്താൻ കഴിയുന്നു. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി സേവന മേഖലയിൽ ഉണ്ടാക്കുന്ന "കൃഷിക്കൂട്ടങ്ങൾ" കാർഷിക കർമ്മസേന ആയി മാറ്റുവാൻ സാദ്ധ്യമാകുന്നതിനാൽ അത്തരം കൃഷിക്കൂട്ടങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി സേവനം ഉപയോഗപ്പെടുത്തുവാനും നടപടിയായിട്ടുണ്ട്. അതിനായി അതതു പഞ്ചായത്തിലെ തൊഴിൽരഹിതരായ യുവതി യുവാക്കളെ തിരഞ്ഞെടുത്ത് കൃഷിക്കൂട്ടങ്ങളാക്കി ആവശ്യമുള്ള പ്രവൃത്തി പരിചയ നൈപുണ്യ പരിശീലനം നൽകി പ്രാപ്തരാക്കി കാർഷിക കർമ്മസേനകൾ വഴി വിന്യസിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 368 കാർഷിക കർമ്മസേനകളിലായി **4577** പേർ പ്രവർത്തിക്കുന്നുണ്ട്**.** |

| | | | |
|---|---|---|---|
| | | | കൂടാതെ ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവരെ 107 കാർഷിക സേവന കേന്ദ്രങ്ങൾ/കൃഷിശ്രീ സെന്ററുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ വർഷം (2022-23) 20 ബ്ലോക്കുകളിൽ പുതുതായി കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അംഗീകാരം ലഭ്യമായിട്ടുണ്ട്. നിലവിൽ 99 കാർഷിക സേവന കേന്ദ്രങ്ങളിലായി 1070 പേർ പ്രവർത്തിക്കുന്നുണ്ട്.<br><br>കാർഷിക മേഖലയിലെ തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് കൃഷി വകുപ്പിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന കാർഷിക കർമ്മസേനകളും കാർഷിക സേവന കേന്ദ്രങ്ങൾ/കൃഷിശ്രീ സെന്ററുകളും കൂടാതെ കെയ്കോ, കാംകോ തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനവും ഉപയോഗപ്പെടുത്തി വരുന്നു. |
| (ബി) | പ്രസ്തുത ലക്ഷ്യം മുൻനിർത്തി കേന്ദ്ര സഹായത്തോടെ നിലവിൽ എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കാർഷിക മേഖലയിലെ യന്ത്രവൽക്കരണം മുഖേന തൊഴിലാളിക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന Sub Mission on Agricultural Mechanization (SMAM) പദ്ധതി പ്രകാരം വ്യക്തിഗത ഉപഭോക്താക്കൾക്കും, ഗ്രാമീണ സംരംഭകർ, കർഷകരുടെ സഹകരണ സംഘങ്ങൾ, രജിസ്റ്റേർഡ് ഫാർമേഴ്സ് സൊസൈറ്റീസ്, ഫാർമർ പ്രൊഡ്യൂസർ ഓർഗൈനേസേഷൻസ്, പഞ്ചായത്തുകൾ എന്നിവർക്ക് വിവിധ ഘടകങ്ങളിലായി 40 മുതൽ 80 ശതമാനം വരെ സബ്സിഡിയിൽ കാർഷിക യന്ത്രോപകരണങ്ങൾ അനുവദിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചറിലെ ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം എന്ന ഘടകത്തിലുൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം പവർ ടില്ലറുകൾ, സെൽഫ് പ്രൊപ്പൽഡ് ഹോർട്ടികൾച്ചർ യന്ത്രങ്ങൾ, മാനുവൽ സ്പ്രേയറുകൾ, പവർ നാപ്സാക് സ്പ്രേയറുകൾ, പരിസ്ഥിതി സൗഹൃദ വിലക്കുകെണികൾ എന്നിവ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കർഷകർക്കു ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ കാർഷിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നതിൽ എത്രത്തോളം വിജയിക്കാൻ സാധിച്ചിട്ടുണ്ട്; ഈ ലക്ഷ്യം മുൻനിർത്തി എന്തെങ്കിലും പഠനങ്ങൾ | (സി) | കേരള സംസ്ഥാനത്തിലെ കാർഷിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ ചെറുകിടയന്ത്രങ്ങളുടെ വികസനം കർഷക ആവശ്യാനുസരണം വിവിധ പദ്ധതികളുടെ |

| | | | |
|---|---|---|---|
| | കാർഷിക സർവ്വകലാശാലയിൽ നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | | ഭാഗമായും വിദ്യാർത്ഥികളുടെ ഗവേഷണങ്ങളുടെ ഭാഗമായും കേരള കാർഷിക സർവ്വകലാശാല അതത് കാലങ്ങളിൽ വികസിപ്പിച്ചിട്ടുണ്ട്.<br><br>മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നെൽപ്പാടങ്ങളിൽ കുമ്മായം വിതറുന്നതിനുള്ള യന്ത്രം രൂപകൽപന ചെയ്ത് വികസിപ്പിച്ചെടുക്കുകയും അത് നെൽപ്പാടങ്ങളിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ചതിനു ശേഷം കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾക്കും കൃഷിയിടങ്ങൾക്കും അനുയോജ്യമായ തനതായ കാർഷികയന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ഊന്നൽ നൽകുന്നുണ്ട്. തണ്ണീർത്തട നെൽവയലുകൾ കൃഷിയ്ക്ക് ഉപയോഗപ്രദമാക്കുന്നതിനും തണ്ണീർത്തടങ്ങൾ പുനരു ജ്ജീവിപ്പിക്കുന്നതിനും ഉതകുന്ന **'അഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ്', RKI** പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിച്ചെടുത്ത് വരികയാണ്.<br><br>ജൈവസസ്യങ്ങളും പുൽകാടുകളും, തോടുകളിലെ ജൈവസസ്യങ്ങളും അരിഞ്ഞു മാറ്റുന്നതിന് ഉതകുന്ന '**അക്വാട്ടിക് വീഡ് ഷ്രഡ്ഡർ**' **(AWS)** രൂപകല്പന ചെയ്ത് നിർമ്മിച്ച് കാർഷിക സംരക്ഷണകേന്ദ്രം **(AMCC)** കുത്താളിയിൽ ലഭ്യമാക്കിയിട്ടുണ്ട്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ചെളിയിൽ പൂണ്ടുപോകുന്ന കാർഷികയന്ത്രങ്ങൾക്കു (ട്രാക്ടർ, ടില്ലർ) പകരമായി ഒരു **'ബോട്ട് ട്രാക്ടർ'** വികസിപ്പിച്ചെടുത്തിട്ടുണ്ട്. സാധാരണ ട്രാക്ടർ **(45** എച്ച്. പി. ഫോർ വീൽ ഡ്രൈവ്) ഉപയോഗിക്കാൻ പറ്റാത്ത, ചെളി കൂടുതലുള്ള വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിന് ഉയർന്ന കുതിരശക്തിയുള്ള ട്രാക്ടർ **(65** എച്ച്.പി) ആവശ്യമാണെന്ന് കണ്ടെത്തിയതിനാൽ രണ്ടു **65** എച്ച്.പി ട്രാക്ടറുകൾ **RKI** പദ്ധതിപ്രകാരം സമാഹരിച്ചിട്ടുണ്ട്.<br><br>കേരളത്തിന്റെ തനതായ നൂതന കാർഷിക യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് വേണ്ടി **'പുരയിട സൗഹൃദ കാർഷിക യന്ത്രവൽക്കരണം'** എന്ന വിഷയം അടിസ്ഥാനമാക്കി ഒരു ദേശീയ ശില്പശാലയും, സംസ്ഥാനത്ത് നൂതന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിന് ഏർപ്പെട്ടിരിക്കുന്ന കർഷകരെയും വിവിധ ഏജൻസികളെയും ഉൾപ്പെടുത്തി ഒരു **'അഗ്രോ മെഷിനറി ഇന്നോവേഷൻ മീറ്റും,** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ജില്ലകൾ തോറും |

| | | | |
|---|---|---|---|
| | | | ചെറുകിട കാർഷിക കേന്ദ്രങ്ങളുടെ **'ട്രേഡ് ഫെയറും'** നടത്തുന്നതിന് കേരള കാർഷിക യന്ത്രവൽക്കരണ മിഷൻ ലക്ഷ്യമിടുന്നു.<br><br>ദേശീയ-അന്തർദേശീയ കമ്പനികളുടെ ചെറുതും വലുതുമായ കാർഷിക യന്ത്രങ്ങൾ കേരള കാർഷിക സാഹചര്യങ്ങളിലുള്ള പ്രവർത്തന ക്ഷമത പഠിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തി അവയെ കേരളത്തിൽ കാർഷിക ആവശ്യങ്ങൾക്കനുസരിച്ച് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ബിരുദാനന്തര ബിരുദ ഗവേഷണത്തിന്റെയും നൂതന പദ്ധതികളുടെയും ഭാഗമായി നൂതന സാങ്കേതിക വിദ്യകൾ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, ഇലക്ട്രോണിക്സ്) ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങളുടെ ശാസ്ത്രീയ വികസനവും നടക്കുന്നു.<br><br>കേരള അഗ്രോ ഇൻസ്ട്രീസ് കോർപ്പറേഷന്റെ കീഴിലുള്ള അഗ്രോ ബസാറുകൾ വഴിയും കർഷകർക്ക് ആവശ്യമായ ആധുനിക കൃഷി യന്ത്രങ്ങൾ, ഉപാധികൾ എന്നിവ നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ